(ബി) വള്ളങ്ങളുടെ സംരക്ഷണവും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനവും വളരെയേറെ ചെലവേറിയതായതിനാൽ സർക്കാരിൽ നിന്നും ഇവയ്ക്ക് സഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ വള്ളങ്ങൾക്കും സഹായധനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

*ഉത്തരം*

(എ) കേരളത്തിലെ പ്രശസ്തമായ വള്ളംകളികൾക്ക് ടൂറിസം വകുപ്പ് എല്ലാ വർഷവും ധനസഹായം നൽകാറുണ്ട്. സുപ്രധാനമായവയുടെ വിവരം ചുവടെ ചേർക്കുന്നു:

1. നെഹ്റു ട്രോഫി വള്ളംകളി, ആലപ്പുഴ
2. ചമ്പക്കുളം മൂലംവള്ളംകളി
3. ആറന്മുള ഉത്രട്ടാതി വള്ളംകളി
4. കോട്ടയം താഴത്തങ്ങാടി വള്ളംകളി
5. മദർതെരേസ വള്ളംകളി, ചെറുകോൽ
6. രാജീവ് ഗാന്ധി സ്മാരക വള്ളംകളി – പുളിങ്കുന്ന്
7. മഹാത്മാഗാന്ധി സ്മാരക വള്ളംകളി – മാന്നാർ
8. അയ്യങ്കാളി ട്രോഫി വള്ളംകളി – വെള്ളായണി

അന്തർദേശീയതലത്തിൽ ഈ വള്ളംകളികൾക്ക് പരസ്യപ്രചരണവും ടൂറിസം വകുപ്പ് നൽകി വരുന്നു. വള്ളംകളികൾ നടക്കുന്ന പ്രദേശങ്ങളിൽ സഞ്ചാരികൾക്ക് അവശ്യം വേണ്ട അടിസ്ഥാനസൗകര്യങ്ങളും ടൂറിസം വകുപ്പ് ഒരുക്കുന്നുണ്ട്.

(ബി) മത്സര വള്ളംകളികളിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾക്ക് 25,000 രൂപ വീതം സംരക്ഷണത്തിനായുള്ള ധനസഹായം ടൂറിസം വകുപ്പ് കഴിഞ്ഞ വർഷവും, ഈ വർഷവും നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**ദേവസ്വം ബോർഡുകളുടെ പ്രവർത്തനം**

86 [2836] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള എത്ര ദേവസ്വം ബോർഡുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ദേവസ്വം ബോർഡുകളുടെയും അധീനതയിൽ എത്ര ക്ഷേത്രങ്ങൾ വീതമുണ്ട്;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ദേവസ്വം ബോർഡിന്റെ അധീനതയിൽ വരുന്ന ക്ഷേത്രങ്ങളുടെ വരവ് ചെലവ് കണക്കാക്കുന്നതിന് ആഡിറ്റ് സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

*ഉത്തരം*

(എ) സർക്കാർ രൂപീകരിച്ച രണ്ട് ദേവസ്വം ബോർഡുകളുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ 1208-ഉം കൊച്ചി ദേവസ്വം ബോർഡിനു കീഴിൽ 390-ഉം ക്ഷേത്രങ്ങളുണ്ട്.

(സി) ക്ഷേത്രങ്ങളുടെ ഭരണം, സംരക്ഷണം ക്ഷേത്രങ്ങളുടെ പുരോഗതിക്കും ആചാരാനുഷ്ഠാനങ്ങൾക്കുമനുസരിച്ച് നിശ്ചിത പൂജാക്രമങ്ങൾ നടത്തുക, വേദപുരാണാദികൾ പോഷിപ്പിക്കൽ, ജനങ്ങളിൽ ദൈവവിശ്വാസം വർദ്ധിപ്പിക്കൽ, വിദ്യാഭ്യാസ വികസനം എന്നിവയാണ് ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിട്ടുള്ളത്.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇന്റേണൽ ആഡിറ്റ് വിഭാഗം ഉണ്ട്. കൂടാതെ ലോക്കൽ ഫണ്ട് ആഡിറ്റ് നടത്തുന്നുണ്ട്. കൊച്ചി ദേവസ്വം ബോർഡിന്റെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം പരിശോധിക്കുന്നതു കൂടാതെ ഹൈക്കോടതി, ഓഡിറ്റ് റിപ്പോർട്ട് റിവ്യൂ ചെയ്യുന്നുമുണ്ട്.

**മലബാർ ദേവസ്വം ബോർഡ് രൂപീകരണം**

87 [2837] *ശ്രീ. ടി. എം. ജേക്കബ്:*
„ *ഷിബു ബേബി ജോൺ:*
„ *ജോണി നെല്ലൂർ:*
„ *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ മാതൃകയിൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ നിലവിലുള്ള സാങ്കേതിക ബുദ്ധിമുട്ട് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് ബോർഡ് രൂപീകരണം നടത്തുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?



LIBRARY ARCHIVES Kerala Legislative Assembly